സി.ജി(1)26508/15

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 23..07..2015
Web: www.cooperation.kerala.gov.in
Email : keralarcs@coop.kerala.gov.in

# സർക്കുലർ നമ്പർ 35/2015

വിഷയം ഃ- സഹകരണ വകുപ്പ് - **"കേരള കോ-ഓപ്പറേറ്റീവ്സ് വിഷൻ 2025"** സംഭാവന - രജിസ്ട്രേഷൻ ഫീസ് അടക്കുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന ഃ- ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷ തയിൽ 10..06..2015-ന് കോ-ബാങ്ക് ടവ്വേഴ്സിൽ വച്ച് കൂടിയ ആലോചനാ യോഗ തീരുമാനം

. . . .

സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ത്തിലും, ദേശീയ തലത്തിലുമുള്ള സഹകാരികൾ, പൊതു പ്രവർത്തകർ, സഹക രണ മേഖലയുമായി ബന്ധമുള്ള നിയമസഭാ സാമാജികരായ സഹകാരികൾ, നിയമ വിദഗ്ദർ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ ഉൾപ്പെടുത്തി വിപുലമായ ഒരു ശിൽപശാല സംഘടിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്തെ സഹകരണ മേഖ ലയെ ശക്തിപ്പെടുത്തുന്നതിനുള്ള നയരൂപീകരണത്തിനായി സഹകരണ മേഖല യിലെ വിവിധതരം സംഘങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും, ഓരോ മേഖലയിലെയും പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും ശിൽപശാല വേദിയൊരു ക്കുന്നതാണ്. 2015 ആഗസ്റ്റ് മാസം 16, 17, 18 തീയതികളിൽ ഇടുക്കി ജില്ലയിലെ മൂന്നാറിൽ വച്ച് **"കേരള കോ-ഓപ്പറേറ്റീവ്സ് വിഷൻ 2025"** എന്ന പേരിൽ സഹകരണ വകുപ്പിന്റെയും ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെയും സംയുക്ത സംഘാടനത്തിൽ ശിൽപശാല സംഘടിപ്പിക്കുന്നതിനും, ശിൽപശാലയുടെ നടത്തിപ്പിനായി ഓരോ ജില്ലാ സഹകരണ ബാങ്കും 2.50 ലക്ഷം രൂപ വീതവും, സംസ്ഥാന സഹകരണ ബാങ്കും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും 5 ലക്ഷം രൂപ വീതവും വിഹിതം നൽകുന്നതിനും അപ്പക്സ് ഫെഡറേഷനുകളുടെയും സംഭാവന കൂടി സ്വീകരിക്കുന്നതിനും, നടത്തിപ്പിന്റെ ബാക്കി ചെലവിനായി വരുന്ന തുക സഹകരണ വകുപ്പും, ഇടുക്കി ജില്ലാ

സഹകരണ ബാങ്കും വഹിക്കുന്നതിനും സൂചന (1) പ്രകാരം കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ശിൽപശാലയുടെ നടത്തിപ്പിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ **120011200420485** എന്ന പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (**IFSC Code UTIBOSIDB99**) സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, മറ്റ് അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് അവരുടെ സംഭാവന വിഹിതം പ്രസ്തുത അക്കൗണ്ടിലേക്ക് അടക്കാവുന്നതാണ്. **e-payment** രീതിയിൽ തുക അടക്കുന്നവർ **UTR** നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്. ഓരോ ജില്ലയിൽ നിന്നും ശിൽപശാലയിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്കുള്ള രജിസ്ട്രേഷൻ ഫീസും പ്രസ്തുത അക്കൗണ്ടിലേക്ക് അടക്കാവുന്നതാണ്. പ്രതിനിധികളെ തീരുമാനിക്കുന്നത് സംബന്ധിച്ച് കോർ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാർ പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതും ആയത് പ്രകാരം നിശ്ചയിക്കുന്ന പ്രതിനിധികൾ മാത്രം രജിസ്ട്രേഷൻ ഫീസ് ഒടുക്കിയാൽ മതിയാകുന്നതുമാണ്. രജിസ്ട്രേഷൻ ഫീസ് സംബന്ധിച്ച വിവരം രജിസ്ട്രേഷൻ ഫോറത്തോടൊപ്പം പ്രതിനിധികളെ അറിയിക്കുന്നതാണ്.

**ഒപ്പ്**
**എസ്. ലളിതാംബിക ഐ.എ.എസ്**
**സഹകരണസംഘം രജിസ്ട്രാർ**

1) പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2) പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം
3) പ്രസിഡന്റ്/ജനറൽ മാനേജർമാർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
4) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
6) എല്ലാ അപ്പക്സ് ഫെഡറേഷനുകൾക്കും
7) എഡിറ്റർ, സഹകരണവീഥി
8) വെബ് സൈറ്റ്
9) സ്റ്റോക്ക് ഫയൽ